**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 200** **12-10-2026-ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി.- മെറ്റേണിറ്റി ബ്ലോക്കുകളുടെ നിർമ്മാണ പ്രവർത്തനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി. മെറ്റേണിറ്റി ബ്ലോക്കുകളുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**മറുപടി:** ആറ്റിങ്ങൽ താലൂക്കാശുപത്രിയിൽ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതിലേക്കായി ₹6,81,90,000/- രൂപയുടെ DSOR 2021 പ്രകാരമുള്ള എസ്റ്റിമേറ്റ് സഹിതം പ്ലാൻ ഫണ്ടിനു കീഴിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ 2025-26 സാമ്പത്തികവർഷത്തിൽ സമർപ്പിച്ചിരുന്നെങ്കിലും, ബന്ധപ്പെട്ട പ്ലാൻ ശീർഷകത്തിൽ ആവശ്യമായ തുക ലഭ്യമല്ലാതിരുന്നതിനാൽ ഭരണാനുമതി നൽകിയിരുന്നില്ല. 2025-26 സാമ്പത്തിക വർഷത്തിൽ ചേർന്ന ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമവും, അടിസ്ഥാനമാനദണ്ഡങ്ങളും നിശ്ചയിച്ച കൊണ്ട് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം 2026-27 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആറ്റിങ്ങൽ താലൂക്കാശുപത്രിയിൽ ഒ.പി ബ്ലോക്കിന്റെ രണ്ടാംഘട്ട നിർമ്മാണം, മെറ്റേണിറ്റി ബ്ലോക്കിന്റെ രണ്ടാംഘട്ട നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് അനുമതി നൽകുന്ന വിഷയം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ച വരുന്നു.

**സെക്ഷൻ ഓഫീസർ**